16U136 (Pages:2) Name: ......................................

Reg.No. ..................................

# FIRST SEMESTER BA DEGRE EXAMINATION, NOVEMBER 2016

(Regular/ Supplementary/ Improvement)

(CUCBCSS - UG)

# CC15UMAL1BO1 മലയാള കവിത - നവോത്ഥാനഘട്ടം

(Malayalam Core Course)

(2015 Admission onwards)

സമയം : 3 മണിക്കൂർ മാർക്ക് : 80

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക - ഓരോന്നിനും അരമാർക്ക് വീതം**

1. 'ബന്ധനസ്ഥനായ അനിരുദ്ധൻ' ഏതു കവിതാ വിഭാഗത്തിൽപ്പെടുന്നു?
2. 'ശക്തിയുടെ കവി' എന്നറിയപ്പെടുന്നതാർ?
3. 'ആനന്ദവും അസൂയയും ഒന്നിച്ച് ജനിപ്പിക്കുന്ന ഗാനം' - വിടവാങ്ങലിനെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെട്ടതാർ?
4. അരി വാങ്ങാൻ ഗാന്ധിജി ക്യൂവിൽ നിൽക്കുമ്പോൾ അരികെ കൂറ്റൻ കാറിൽ ഏറി നീങ്ങുന്നതാരാണ്?
5. 'കരുണ'യിലെ ബുദ്ധഭിക്ഷുവിന്റെ പേരെന്ത്?
6. 'കൊച്ചുതൊമ്മൻ' എന്ന കവിത എഴുതിയതാർ?
7. ഏ.ആർ. രാജരാജവർമ്മയെ അനുസ്മരിച്ചുകൊണ്ട് കുമാരനാശാൻ എഴുതിയ വിലാപ കാവ്യമേത്?
8. 'ഒളപ്പമണ്ണ' എന്ന കവിയുടെ പൂർണ്ണനാമം എഴുതുക.
9. 'വിടവാങ്ങൽ' എന്ന കവിത ആദ്യമായി അവതരിപ്പിച്ചതെവിടെ?
10. 'എന്റെ ഗുരുനാഥൻ' എന്ന കവിതയിലെ 'ഗുരുനാഥൻ' ആരാണ്? (1/2 X10=5)

**II. ഒന്നോ രണ്ടോ വാക്യത്തിൽ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. (ഓരോന്നിനും രണ്ട് മാർക്ക് വീതം)**

11. "ഫലിച്ചിതോ സഖി, നിന്റെ പ്രയത്നവല്ലരി? രസം
കലർന്നിതോ ഫലം? ചൊൽക, കനിയായിതോ?" - ഏതുകാര്യത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ചാണ് വാസവദത്ത തോഴിയോട് ചോദിക്കുന്നത്?
12. "ഇരുമെയ്യാണെങ്കിലും നമ്മളൊറ്റക്കരളല്ലേ,
നീയെന്റെ ജീവനല്ലേ?" - ഇരുമെയ്യ് എന്ന് വിശേഷിപ്പിക്കുന്നതാരെയെല്ലാമാണ്?
13. "ഊതുന്ന നേരം വെണ്ണീറിൽത്തെളിയും കനൽ മാതിരി" - എന്ത്? എന്തുകൊണ്ട്?
14. "എങ്കിലും ചന്ദ്രികേ, നമ്മൾ കാണും
സങ്കല്പലോകമല്ലീയുലകം" - വരികളിലെ സൂചിതമെന്ത്?
15. 'നരബലി' എന്ന കവിതയുടെ പ്രമേയമെന്ത്? (5 X 2=10)

**III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനുംഅഞ്ച് മാർക്ക് വീതം)**

16. 'വിടവാങ്ങൽ' എന്ന കവിതയ്ക്കാധാരമായ ചരിത്രപശ്ചാത്തലമെന്ത്?
17. "വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും-" വിവക്ഷയെന്ത്? സന്ദർഭം എഴുതി വിശദമാക്കുക.

18. “കാല്പനികതയുടെ ജീർണ്ണാംശങ്ങളിലാണ്ടുപോയ മലയാളകവിതയ്ക്ക് ഒരു കായകല്പചികിത്സയാണ് എൻ.വി. കൃഷ്ണവാര്യരുടെ കവിത” – ഈ അഭിപ്രായം വിലയിരുത്തുക.

19. ഒളപ്പമണ്ണയുടെ കാവ്യഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

20. ഗാന്ധിയും ഗോഡ്സേയും പ്രതിനിധാനം ചെയ്യുന്നത് എന്തിനെയെല്ലാമാണ്?

21. “പരരുടെ വീട്ടിൽ ചെന്നിത, കേറി
നിരവധി ദാസ്യച്ചുമടുകൾ പേറി” – വിശദമാക്കുക.

22. “അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരേ” – കവി ഇങ്ങനെ ചോദിക്കാനുള്ള സാഹചര്യമെന്ത്?

(5 X 5=25)

IV **ഏതെങ്കിലും നാലു ചോദ്യത്തിന് മുന്നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക (ഓരോന്നിനും 10 മാർക്ക് വീതം)**

23. സാധാരണജീവിതത്തിന് അസാധാരണമായ അനുഭവചൈതന്യമരുളുന്ന ഒളപ്പമണ്ണയുടെ സിദ്ധി സമഗ്രമായി വികസിച്ചുനിൽക്കുന്ന കാവ്യമാണ് ‘നങ്ങേമക്കുട്ടി’ – സമർത്ഥിക്കുക.

24. ‘ബുദ്ധനും നരിയും ഞാനും’ എന്ന കവിതയുടെ സമകാലിക പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

25. ‘ആധുനിക കവിതകളുടെ സവിശേഷതകൾ’ എൻ.വി. കൃഷ്ണവാര്യരുടെ കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക.

26. ‘കരുണ’ എന്ന ഖണ്ഡകാവ്യത്തിന് ഒരു ആസ്വാദനം തയ്യാറാക്കുക.

27. കാല്പനികതയിൽ നിന്നും ആധുനികതയിലേക്കുള്ള പരിവർത്തനം മലയാളകവിതാലോകം എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു?

28. ചങ്ങമ്പുഴ, ഇടശ്ശേരി തുടങ്ങിയ കവികളുടെ കാവ്യസമീപനരീതി താരതമ്യം ചെയ്യുക.

(10 X 4=40)

*******